# കെ.സി.എസ് യുവജനോത്സവം-സെപ്റ്റംബർ 23 ന്

1. കെ.സി.എസ് യുവജനോത്സവം സെപ്റ്റംബർ 23 ന് ശനിയാഴ്ച രാവിലെ 9 മണിമുതൽ കമ്യൂണിറ്റി സെന്ററിൽ വെച്ച് നടത്തപ്പെടുന്നതാണ്.

2. യുവജനോത്സവം - 2017 ന്റെ അംഗീകൃത രജിസ്ട്രേഷൻ ഫോറത്തിൽ 2017 സെപ്റ്റംബർ 16 നകം ലഭിക്കുന്ന അപേക്ഷകൾ മാത്രമേ മത്സരത്തിൽ ഉൾപ്പെടുത്തുകയുള്ളു. ഇത് മത്സരങ്ങളുടെ വിജയകരമായ നടത്തിപ്പിന് അനിവാര്യമാണ്.

3. അപേക്ഷാ ഫീസ് രജിസ്ട്രേഷൻ ഫോറത്തോടൊപ്പം ചിക്കാഗോ കെ.സി.എസിന്റെ പേരിലുള്ള ചെക്കായോ ക്യാഷായോ നൽകേണ്ടതാണ്.

4. അപേക്ഷാഫീസ് ഓരോ ഇനങ്ങൾക്കും 10 ഡോളർ വീതമായിരിക്കും. ഗ്രൂപ്പ് ഇനങ്ങൾക്ക് ഓരോ ടീം അംഗവും 10 ഡോളർ വീതം നൽകേണ്ടതാണ്.

5. പുഞ്ചിരി മത്സരത്തിന് 5 ഡോളറായിരിക്കും ഫീസ്

6. ഒരാൾക്ക് പരമാവധി 5 സിംഗിൾ ഇനങ്ങളിൽ പങ്കെടുക്കാവുന്നതാണ്. ഗ്രൂപ്പ് ഇനങ്ങൾക്ക് ഈ നിയന്ത്രണം ബാധകമല്ല.

7. പങ്കെടുക്കുന്ന കുട്ടികളുടെ സ്കൂൾ ഗ്രേഡ് അടിസ്ഥാനത്തിലായിരിക്കും മത്സരങ്ങൾ നടത്തുക. സബ് ജൂനിയർ (കെ. ജി. - 4), ജൂനിയർ (5 - 8), സീനിയർ (9 - 12) എന്നീ മൂന്ന് വിഭാഗങ്ങളിലായിരിക്കും മത്സരങ്ങൾ നടക്കുക.

8. കലാതിലകം/കലാപ്രതിഭ എന്നീ സ്ഥാനങ്ങളിലേക്ക് പരിഗണിക്കപ്പെടുന്നവർ താഴെപ്പറയുന്ന ഇനങ്ങളിൽ ഏതെങ്കിലും ഒന്നിൽ സിംഗിളായോ ഗ്രൂപ്പടിസ്ഥാനത്തിലോ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ക്നാനായ ക്വിസ് സിംഗിൾ ഇനമായിട്ടായിരിക്കും നടത്തപ്പെടുക.

   എ - ക്നാനായ പുരാതനപ്പാട്ടുകൾ

   ബി - മാർഗ്ഗംകളി

   സി - ക്നാനായ ക്വിസ് (സിംഗിൾ)

9. റൈസിംഗ് സ്റ്റാർസ് ആയി പരിഗണിക്കപ്പെടുന്നവർക്ക് മുകളിൽപ്പറഞ്ഞ ക്നാനായ സമുദായസംബന്ധമായ മത്സരയിനങ്ങളിൽ പങ്കെടുത്താൽ ഗ്രേസ് മാർക്ക് നൽകപ്പെടുന്നതാണ്. (നമ്പർ - 8 എ, ബി., സി.)

10. 1, 2, 3 സ്ഥാനം ലഭിക്കുന്ന വിജയികൾക്ക് യഥാക്രമം 5,3,1 എന്നീ ക്രമത്തിൽ പോയിന്റ് നൽകുന്നതാണ്.

11. 1, 2, 3 സ്ഥാനങ്ങൾ ലഭിക്കുന്ന വിജയികൾക്ക് സമ്മാനം നൽകുന്നതായിരിക്കും.

12. മത്സരങ്ങളിലെ ക്രമം, വേദി, മത്സരസമയം എന്നിവയിൽ യഥാസമയം മാറ്റം വരുത്തുന്നതിനുള്ള അധികാരം യുവജനോത്സവക്കമ്മറ്റിക്കായിരിക്കും.

13. മത്സരദിവസം തന്നെ ലഭ്യമാകുന്ന മുറയ്ക്ക് വിജയികളുടെ പേരുവിവരം അറിയിച്ചുകൊണ്ടിരിക്കുന്നതാണ്.

14. മത്സരവിധി നിർണ്ണയത്തിൽ ജഡ്ജിമാരുടെ തീരുമാനം അന്തിമമായിരിക്കും. ആക്ഷേപങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ യുവജനോത്സവക്കമ്മറ്റിയെ മത്സരം നടന്ന് 2 മണിക്കൂറിനുള്ളിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

15. മത്സരാർത്ഥികൾ തങ്ങളുടെ ചെസ്റ്റ് നമ്പർ അന്നേദിവസം രാവിലെ 8.30 മുതൽ കമ്മ്യൂണിറ്റി സെന്ററിലെ യൂത്ത് ഫെസ്റ്റിവൽ ഹെൽപ്പ് ഡെസ്കിൽ നിന്നും മേടിക്കേണ്ടതാണ്. മത്സരങ്ങളുടെ ഏകദേശസമയം കെ. സി. എസ് ഇ - മെയിൽ ഗ്രൂപ്പിലൂടെ നേരത്തെ അറിയിക്കുന്നതായിരിക്കും. മത്സരാർത്ഥികൾ കൃത്യസമയത്തുതന്നെ വരേണ്ടതാണ്.

16. ഫ്രാൻസിഡ്രസ് മത്സരത്തിൽ പഞ്ചാത്തലശബ്ദം അനുവദനീയമല്ല. മത്സരാർത്ഥികൾക്ക് കഥാപാത്രത്തിന് അനുയോജ്യമായ സംഭാഷണം സ്റ്റേജിൽ വരുത്താവുന്നതാണ്.

17. രജിസ്ട്രേഷൻ ഫോറം ലഭിക്കുന്ന മുറയ്ക്ക് ഇ - മെയിൽ അക്നോളജ്മെന്റ് അയക്കുന്നതാണ്.

18. രജിസ്ട്രേഷൻ ഫോറം സെപ്റ്റംബർ 1 മുതൽ കെ. സി. എസ് വെബ്സൈറ്റിൽ നിന്നും ലഭ്യമായിരിക്കും.

19. പ്രസംഗവിഷയം, സ്പെല്ലിംഗ് ബീ വേർഡ്സ് എന്നിവ കെ. സി. എസ്. വെബ്സൈറ്റിൽ നിന്നും സെപ്റ്റംബർ 20 മുതൽ ലഭ്യമായിരിക്കും. www.kcschicago.com

20. വിശദവിവരങ്ങൾക്ക് **ജോബി ഓളിയിലുമായി** ബന്ധപ്പെടുക.

(Entertainment committee chairperson) (630)520-8173. E-mail:Jobi_abraham@yahoo.com

Denny Pullapallil (847) 644-9418 E-mail: elizabethjacob2@yahoo.com

Saji Malithuruthel (630) 479- 0035 E-mail: malithuruthel@yahoo.com